# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P6/1067/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : റാന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P6/1067/23 തീയ്യതി: 07/12/2023

## പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 20-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 20-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സജികുമാർ കെ, ഓഡിറ്റ് ഓഫീസർ

ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഹരികുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭാ ചാർളി | പ്രസിഡന്റ് | 01-04-2022 | 21-07-2022 |
| ശ്രീ കെ.ആർ. പ്രകാശ് | പ്രസിഡന്റ് | 22-07-2022 | 31-03-2023 |
| ശ്രീമതി മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ലക്ഷ്മി ജി. കൃഷ്ണൻ | മെഡിക്കൽ ഓഫീസർ–ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. ഹാംലെറ്റ് | മെഡിക്കൽ ഓഫീസർ–സി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീ ലാൽകുമാർ | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീ സുഭാഷ് പി.എം. | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ഡോ. നിഥിൻ എ.ജി. | വെറ്ററിനറി സർജ്ജൻ | 01-04-2022 | 29-01-2023 |
| ഡോ. ആൽഫിൻ ജോസഫ് | വെറ്ററിനറി സർജ്ജൻ | 30-01-2023 | 31-03-2023 |
| ശ്രീ ശ്യാം കൃഷ്ണപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റോസമ്മ സി.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ പ്രശാന്ത് പി.വി. | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുജാത | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ അശ്വിൻ ചന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 16-09-2022 |
| ശ്രീമതി ആനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2022 | 31-03-2023 |
| ഡോ. ശീതൾ | മെഡിക്കൽ ഓഫീസർ–ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി രഞ്ജിനി പി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-9 |
| 11 | പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-10 |
| 12 | മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-11 |
| 13 | സംയുക്ത പദ്ധതികളുടെ തുക കൃത്യമല്ല | 1-1-12 |
| 14 | എൻ.ആർ.ഇ.ജി.എസ്- തെറ്റായി വരവ് തുക ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-13 |
| 15 | നീക്കി ബാക്കി തുക തെറ്റായി കാണിച്ചിരിക്കുന്നു | 1-1-14 |
| 16 | ലോൺ തിരിച്ചടവ്- ബാധ്യതയായി കാണിച്ചില്ല | 1-1-15 |
| 17 | ബയോഡൈവേഴ്സിറ്റി ഫണ്ട്- കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-11 |
| 28 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-12 |
| 29 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 30 | രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 31 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല. | 1-15 |
| 32 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-16 |
| 33 | ഹോം സ്റ്റേ കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു | 1-17 |
| 34 | ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം | 1-18 |
| 35 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിലെ അപാകത, 78911 രൂപ വരവ് നഷ്ടം | 1-19 |

| | | |
|---|---|---|
| 36 | മെയിന്റനൻസ് ഫണ്ട്- 22.87 ലക്ഷം രൂപ നഷ്ടപ്പെടുത്തി | 1-20 |
| 37 | ലൈബ്രറി സെസ് അടവാക്കിയില്ല | 1-21 |
| 38 | ജീവനക്കാർക്ക് ലീവ് സറണ്ടർ– സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ ആനുകൂല്യം നൽകി | 1-22 |
| 39 | റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം അധിക ചെലവ് | 1-23 |
| 40 | ഭവന പുനരുദ്ധാരണം-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 41 | പാർശ്വഭിത്തി നിർമ്മാണത്തിന് ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിന് വില നൽകി. | 1-25 |
| 42 | പമ്പാ നദീതീര സംരക്ഷണത്തിന് ലഭിച്ച തുക ചെലവഴിച്ചില്ല | 1-26 |
| 43 | 2018-19-ൽ ആരംഭിച്ച അങ്കണവാടി നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല | 1-27 |
| 44 | എസ്.എസ്.കെ. വിഹിതം നൽകൽ–തുടർനിരീക്ഷണമില്ല | 1-28 |
| 45 | സ്കൂളുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ–അപാകതകൾ | 1-29 |
| 46 | പ്രവർത്തിക്കാത്ത 48 ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു. | 1-30 |
| 47 | കാർഷിക മേഖലയിലെ പദ്ധതികൾ–മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല | 1-31 |
| 48 | ജിയോ ഇൻഫർമാറ്റിക് സോഫ്റ്റ് വെയർ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-32 |
| 49 | ലൈൻ എക്സ്റ്റൻഷൻ–പൂർത്തീകരണ വിവരങ്ങളില്ല | 1-33 |
| 50 | കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി. | 1-34 |
| | ഭാഗം **2** | |
| 1 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിലെ അപാകത, 78911 രൂപ വരവ് നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചത് അധിക ചെലവ് | 3-1 |
| 2 | പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല- കരാറുകാരന് അധികമായി തുക നൽകി | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, എന്നിവ പ്രകാരവും, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങൾ അനുസരിച്ചും 24-06-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 28.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള റാന്നി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
07/12/23

### 1-1-1 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) , നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ സംബന്ധിച്ച പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-4 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

## 1-1-5 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-6 നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 37/23 എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 100000 രൂപ ചെലവ് 2022-23 സാമ്പത്തിക വർഷം ഉണ്ടായിരുന്നെങ്കിലും പ്രസ്തുത ചെലവ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-7 സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക്, പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി7 പ്രകാരം 128379 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-9 വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂ.എ എന്നീ സ്ഥാപനങ്ങളിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ്സ് കൃത്യമാക്കേണ്ടതാണ്.

## 1-1-10 പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

## 1-1-11 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I(18) & I(19) എന്നിവ പ്രകാരം Prior Period Income, Prior Period Expenditure എന്നീ ശീർഷകങ്ങളിലെ ചുവടെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനം,ചെലവ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| Prior Period Income | 602993 |
| Prior Period Expenditure | 1071848 |

## 1-1-12 സംയുക്ത പദ്ധതികളുടെ തുക കൃത്യമല്ല

സംയുക്ത പദ്ധതികളുടെ ചെലവിനത്തിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.

## 1-1-13 എൻ.ആർ.ഇ.ജി.എസ്- തെറ്റായി വരവ് തുക ഉൾപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ I-6 പ്രകാരം എൻ.ആർ.ഇ.ജി.എസ്- ഭരണപരമായ കാര്യങ്ങളുടെ വരവിനത്തിൽ 1018082 രൂപ അധികമായി വരവിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-1-14 നീക്കി ബാക്കി തുക തെറ്റായി കാണിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ സാക്ഷരതാ അക്കൗണ്ട് ക്ലോസ് ചെയ്തതാണ്. എന്നാൽ ഷെഡ്യൂൾ ബി-4- ൽ നീക്കി ബാക്കിതുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-15 ലോൺ തിരിച്ചടവ്- ബാധ്യതയായി കാണിച്ചില്ല

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ഹഡ്കോയിൽ നിന്നും എടുത്ത വായ്പാ തുക ഷെഡ്യൂൾ ബി-5-ൽ ബാധ്യതയായി

കാണിച്ചില്ല.

## 1-1-16 ബയോഡൈവേഴ്സിറ്റി ഫണ്ട്- കാണിച്ചിരിക്കുന്ന തുക കൃത്യമല്ല

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി -4- ൽ ബയോ ഡൈവേഴ്സിറ്റി ഫണ്ടിനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.

## 1-2 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 22.03.2022-ലെ 1(1) നമ്പർ തീരുമാനം |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി/തീരുമാനം നമ്പർ | 24.03.2022-ലെ 1(1) നമ്പർ തീരുമാനം |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി/തീരുമാനം നമ്പർ | 09.03.2023-ലെ 1(1) നമ്പർ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 20218110 | |
| ഓഡിറ്റ് വർഷത്തെ വരവ് | 28601607 | 102461646 |
| ആകെ വരവ് | 48819717 | 102461646 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 29574791 | 102096356 |
| നീക്കിയിരിപ്പ് | 19244926 | |

## 1-4 ഗ്രാന്റ് വിനിയോഗം

| **ഫണ്ടിനം** | **മുന്നിരിപ്പ്** | **വരവ് (അലോട്ട്മെന്റ് ലഭിച്ചത്)** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്/ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 8942000 | 8942000 | 8102796 | 839204 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 2672000 | 2672000 | 2401098 | 270902 |
| വികസന ഫണ്ട്-റ്റി.എസ്.പി | ,, | 218000 | 218000 | 198483 | 19517 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4544463 | 4544463 | 376618 | Lapse-2211463<br>Balance-1956382 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1794176 | 1887256 | 3681432 | 1647870 | Lapse-100026<br>Balance-1933536 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 6209000 | 6209000 | 4400728 | 1808272 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | | 4570000 | 4570000 | 4090995 | 479005 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശബരിമല ഗ്രാന്റ് | 1037983 | 471000 | 1508983 | 514953 | 994030 |
| ശുചിത്വ മിഷൻ | 722790 | 190000 | 912790 | 497234 | 415556 |
| ലൈഫ്-സംസ്ഥാനവിഹിതം | 0 | 2100000 | 2100000 | 1000000 | 1100000 |
| ബയോഡൈവേഴ്സിറ്റി | 637190 | 16154 | 653344 | 75350 | 577994 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ഐ.സി.ഡി.എസ്. | 902708 | 2106184 | 3008892 | 1504446 | 1504446 |
| എം.ജി.എൻ. | 202 | 18242086 | 18242288 | 18242288 | 0 |

| | | | | | |
|---|---|---|---|---|---|
| ആർ.ജി.എസ് | | | | | |
| ഹെൽത്ത് ഗ്രാന്റ് | 0 | 453524 | 453524 | 300000 | 153524 |
| ജലനിധി | 3448533 | 47973 | 3496506 | 2250058 | 1246448 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 404931 |
| ,, | അങ്കണവാടി അധിക വേതനം | 788400 |
| വികസന ഫണ്ട്-എസ്.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 155597 |
| വികസന ഫണ്ട്-റ്റി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 27899 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 73363574 | 103 | 33335541 | 0 | 25 | 80.46 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികൾ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 7079675 | 11 | 3143414 |
| 2 | വെറ്ററിനറി സർജ്ജൻ | 5 | 1955735 | 5 | 1933845 |
| 3 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 250000 | 3 | 223000 |
| 4 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 350000 | 1 | 350000 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 32918570 | 13 | 8446836 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 3452750 | 7 | 2273222 |
| 7 | സെക്രട്ടറി-ഗ്രാമപഞ്ചായത്ത് | 30 | 9008953 | 26 | 6034539 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 33 | 13998085 | 24 | 8187265 |
| 9 | ഹെഡ് മാസ്റ്റർ | 4 | 1150000 | 4 | 1100988 |
| 10 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 400000 | 1 | 261476 |
| 11 | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 5 | 1641319 | 3 | 840380 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 978487 | 4 | 470176 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 180000 | 1 | 70400 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 202 | 1017880 | 1018082 | 1018082 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17224206 | 17224206 | 17224206 | 0 |
| ആകെ | 202 | 18242086 | 18242288 | 18242288 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 23 | 499,200 |
| വിധവാ പെൻഷൻ | 477 | 9,523,200 |
| വാർദ്ധക്യകാല പെൻഷൻ | 1338 | 26,592,000 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 249,600 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 150 | 3,033,600 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2023 തീയതിയിൽ 2.30 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 30194 (മുപ്പതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്. വാർഷിക പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച വിവിധ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ ഉണ്ടായിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമാക്കി ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 | 01/22 മുതൽ 03/22 വരെ | 16.06.2022 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 05.03.2020 | 2014-15 മുതൽ 2018-19 വരെ | |

## 1-11 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

### നികുതി വരുമാനം

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയാണ് പഞ്ചായത്തിന്റെ നികുതിയിനത്തിലുള്ള വരുമാന മാർഗ്ഗങ്ങൾ. അവ

പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി പിരിവ് 100ശതമാനം കൈവരിക്കാൻ സാധിച്ചിട്ടില്ല. ആകെ ഡിമാന്റിന്റെ 88 ശതമാനമാണ് പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ 7.10 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിനും സാധിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തെ നികുതി പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 6057870 | 5347470 | 710400 | 88.27 |
| തൊഴിൽ നികുതി-ജീവനക്കാർ | 2342920 | 2342920 | 0 | 100% |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 306560 | 306560 | 0 | 100% |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 5050434 | 5347470 | 297036 | 5.88 |
| തൊഴിൽ നികുതി-ജീവനക്കാർ | 2240525 | 2342920 | 102395 | 4.57 |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 198560 | 306560 | 108000 | 54.39 |

മുൻ വർഷത്തെ അപേക്ഷിച്ച് വസ്തുനികുതിയിൽ 5.88 ശതമാനത്തിന്റെയും ജീവനക്കാരുടെ തൊഴിൽനികുതിയിൽ 4.57 ശതമാനത്തിന്റെയും ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയിൽ 54.39 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതിയുടെ കളക്ഷൻ തുക തന്നെ ഡിമാന്റായി സാംഖ്യയിൽ രേഖപ്പെടുത്തുന്ന പ്രവണതയും നിലനിൽക്കുന്നുണ്ട്.

നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 199300 | 199300 | 0 | 100 |
| വാടക | 498408 | 498408 | 0 | 100 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 135288 | 135288 | 0 | 100 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 40724 | 40724 | 0 | 100 |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 132200 | 199300 | 67100 | 50.76 |
| വാടക | 442769 | 498408 | 55639 | 12.57 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 112293 | 135288 | 22995 | 20.48 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 71312 | 40724 | -30588 | -42.89 |

ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് ഒഴികെയുള്ള നികുതിയേതര വരവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

**1.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല**

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ്

കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയവരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് സ്വീകരിക്കാവുന്ന ചില നടപടികൾ ചുവടെ പരാമർശിക്കുന്നു.

1. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ട് നിലകൾ നിലവിൽ ഗവ.ഐ.ടി.ഐ. പ്രവർത്തിക്കുന്നതിനായി വിട്ടു നൽകിയിരിക്കുകയാണ്. അത് തിരികെ ലഭിച്ചാൽ പുതുക്കിപ്പണിത് വാടകയ്ക്ക് നൽകുന്നത് വഴി വരുമാനം കണ്ടെത്താവുന്നതാണ്.

2. താലൂക്ക് ഹോസ്പിറ്റലിന് മുൻവശത്ത് പാർക്കിംഗ് ഗ്രൗണ്ടായി ഉപയോഗിക്കുന്ന സ്ഥലത്ത് പുതിയ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. വാടകയിനത്തിൽ നല്ല വരുമാനം ലഭിക്കുന്നതാണ്.

3. പഞ്ചായത്തിൽ നിലവിൽ ഇറച്ചി വിൽപ്പനയ്ക്കുള്ള അവകാശം ലേലം ചെയ്തു നൽകുന്നില്ല. ചെറിയ തുക ലൈസൻസ് ഫീസ് നൽകി കോൾഡ് സ്റ്റോറേജ് ലൈസൻസ് എടുക്കുന്നവർ അതിന്റെ മറവിൽ മൃഗങ്ങളെ കശാപ്പ് ചെയ്ത് വിൽപ്പന നടത്തുന്നുണ്ട്. അംഗീകൃത കശാപ്പ് ശാലയിൽ നിന്നുള്ള മാംസം പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വിൽപ്പന നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണ്.

4. വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട്, പഞ്ചായത്തിന് വരുമാനം ലഭിക്കുന്ന രീതിയിൽ വിനോദ സഞ്ചാര സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**2.വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക , സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ . കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത് , ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിലേക്കായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ആളെ നിയോഗിച്ച് പരിശോധനകൾ നടത്തി വരുന്നു.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും, മേഖലകളുടെ തരംതിരിക്കലും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചത് 25.07.2023-ലെ 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ആകെ 92 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിപക്ഷവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 249 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ആകെ 92 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലുള്ളത്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി പിരിച്ചെടുക്കാത്തത് മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ഉതിമൂട് ക്ഷീരോൽപ്പാദക സഹകരണ സംഘം | 1st & 2nd |
| 2 | പുതുശ്ശേരിമല ക്ഷീരോൽപ്പാദക സഹകരണ സംഘം | 1st & 2nd |
| 3 | ഗവ.എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, റാന്നി | 1st & 2nd |
| 4 | ഗ്രീൻ റാന്നി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് | 1st & 2nd |
| 5 | അക്ഷയ സെന്റർ, റാന്നി | 1st & 2nd |
| 6 | വിഷൻ ഡയഗണോസ്റ്റിക് സെന്റർ | 1st & 2nd |
| 7 | കല്ലോത്ത് ആട്ടോഫ്യുവൽസ്, റാന്നി | 1st & 2nd |
| 8 | ജനതാ ഡയഗണോസ്റ്റിക് സെന്റർ | 1st & 2nd |
| 9 | കെ.എസ്.ഇ.ബി. ഓഫീസ് | 1st & 2nd |
| 10 | ഹിൽ വ്യൂ റസിഡൻസി, റാന്നി | 1st & 2nd |
| 11 | ഉതിമൂട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 1st & 2nd |
| 12 | റാഫാ സ്പീച്ച് & ഹിയറിംഗ് സെന്റർ | 1st & 2nd |
| 13 | ശ്രീ ഭദ്ര കാറ്ററിംഗ് | 1st & 2nd |
| 14 | ദേ അച്ചായൻസ് തട്ടുകട, വാളിപ്ലാക്കൽ | 1st & 2nd |
| 15 | ജോ & ഗേ ബ്രൈഡൽ മേക്കപ്പ് സ്റ്റുഡിയോ | 1st & 2nd |
| 16 | തോപ്പിൽ റബർ നഴ്സറി | 1st & 2nd |
| 17 | മേപ്പുരത്തിൽ ഗാർഡൻസ്, മന്ദിരംപടി | 1st & 2nd |
| 18 | റിവർസൈഡ് റസിഡൻസി, റാന്നി | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | പോത്തൻസ് റോസ് ഒപ്റ്റിക്കൽസ്, 2/674 | 1st & 2nd |
| 2 | മരിയൻ മെഡിക്കൽസ്, 1/609 | 1st & 2nd |
| 3 | ജനതാ ഡയഗണോസ്റ്റിക് സെന്റർ | 1st & 2nd |
| 4 | ന്യൂ ഡയഗണോസ്റ്റിക് സെന്റർ, 2/481 | 1st & 2nd |
| 5 | ന്യൂ മെഡിക്കൽസ്, 2/535, 537 | 1st & 2nd |

| | | |
|---|---|---|
| 6 | കാവുങ്കൽ ഗ്രാനൈറ്റ്സ് പ്രൈ. ലിമിറ്റഡ്, 2/288 | 1st & 2nd |
| 7 | മൈക്രോലാബ് ലബോറട്ടറി, 2/161 | 1st & 2nd |
| 8 | ലെയിസ് ടെയ്‌ലറിംഗ്, 1/619 | 1st & 2nd |
| 9 | ശബരി ഇൻഡസ്ട്രീസ്, 6/299C | 1st & 2nd |
| 10 | അലോക് ട്രേഡേഴ്സ്, 10/394A | 1st & 2nd |
| 11 | ബീവീസ് കിച്ചൺ, 3/387 | 1st & 2nd |
| 12 | അനന്തു ഹോട്ടൽ, 2/627 | 1st & 2nd |
| 13 | കോശീസ് ഇലക്ട്രിക്കൽസ്, 5/201, 202 | 1st & 2nd |
| 14 | ഏയ്ഞ്ചൽ റെന്റ് എ റ്റൂൾ & കൺസ്ട്രക്ഷൻ വർക്ക് | 1st & 2nd |
| 15 | ഫ്രഷ് & ക്ലീൻ ലോൺട്രി സർവ്വീസ്, 13/330A | 1st & 2nd |
| 16 | എഡ്യുമാക്സ് എയിംസ് പാരാമെഡിക്കൽ പരിശീലന കേന്ദ്രം | 1st & 2nd |
| 17 | കോർഡ്രില്ലാ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ. ലിമിറ്റഡ്, 1/91 | 1st & 2nd |
| 18 | സ്വാദ് വില്ലേജ് ഫുഡ്, 2/441 | 1st & 2nd |
| 19 | ഗ്രീൻവാലി റസ്റ്റോറന്റ്, 11/93A | 1st & 2nd |
| 20 | അഗ്രിക്കൾച്ചർ ഇൻകംടാക്സ് ഓഫീസ്, സ്റ്റേറ്റ് ജി.എസ്.ടി. | 2nd |
| 21 | മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ് | 2nd |
| 22 | ഐ.സി.ഡി.എസ്. പ്രൊജക്ട് ഓഫീസ് | 2nd |
| 23 | മണിമുറ്റത്ത് നിധി ലിമിറ്റഡ് | 1st |
| 24 | പോലീസ് സ്റ്റേഷൻ, റാന്നി | 1st |
| 25 | കെ.എസ്.ഇ.ബി. ഓഫീസുകളിലെ കരാർ ജീവനക്കാർ | 1st & 2nd |
| 26 | അഭിഭാഷകർ | 1st & 2nd |
| 27 | ആധാരം എഴുത്തുകാർ | 1st & 2nd |
| 28 | കെ.എസ്.ഇ.ബി. ഓഫീസുകളിലെ കരാർ ജീവനക്കാർ | 1st & 2nd |

തൊഴിൽ നികുതി പിരിവിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/17.11.2023), പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല. ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ഉതിമൂട് ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 2 | പുതുശ്ശേരിമല ക്ഷീരോൽപ്പാദക സഹകരണ സംഘം |

| | |
|---|---|
| 3 | അക്ഷയ സെന്റർ, റാന്നി |
| 4 | വിഷൻ ഡയഗണോസ്റ്റിക് സെന്റർ |
| 5 | കല്ലോത്ത് ആട്ടോഫ്യൂവൽസ് |
| 6 | ജനതാ ഡയഗണോസ്റ്റിക് സെന്റർ |
| 7 | ഹിൽ വ്യൂ റസിഡൻസി, റാന്നി |
| 8 | റാഫാ സ്പീച്ച് & ഹിയറിംഗ് സെന്റർ |
| 9 | ശ്രീ ഭദ്ര കാറ്ററിംഗ് |
| 10 | ദേ അച്ചായൻസ് തട്ടുകട, വാളിപ്ലാക്കൽ |
| 11 | ജോ & ഗേ ബ്രൈഡൽ മേക്കപ്പ് സ്റ്റുഡിയോ |
| 12 | തോപ്പിൽ റബർ നഴ്സറി |
| 13 | മേപ്പുരത്തിൽ ഗാർഡൻസ്, മന്ദിരംപടി |
| 14 | റിവർസൈഡ് റസിഡൻസി, റാന്നി |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/17.11.2023), പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻഡ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വരുന്നുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-14 രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 1999 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | നവോദയ കോളേജ് |
| 2 | എഡ്യുമാക്സ് എ.എ.എം.എസ്. |
| 3 | സാർക്ക് ട്യൂഷൻ സെന്റർ |
| 4 | ബ്രൈറ്റ് അക്കാദമി |
| 5 | ബ്രില്ല്യന്റ് സ്റ്റഡി സെന്റർ |
| 6 | ജി-ടെക്ക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ |
| 7 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ ടെക്ക്നോളജി |

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 30.09.2015- ലെ സി.ആർ.എം.പി.നമ്പർ 3526/13/LA2/2015/KeSCPCR ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 267-ം വകുപ്പ് പ്രകാരം, രജിസ്റ്റർ

ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിൻ മേൽ 1000/- രൂപ വരെ പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സെക്രട്ടറിയും ഭരണ സമിതിയും സ്വീകരിക്കേണ്ടതാണ്

## 1-15 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല.

പഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സേവന ഉപനികുതി, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ സാമ്പത്തിക വർഷാവസാനം സഞ്ചയ പ്രകാരം 7.10ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ട്. ആകെ ഡിമാന്റ് തുകയുടെ 88% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 1 | 88 | റയ്ച്ചൽ ദാനിയേൽ, മണലേൽ ഗ്രേസ് വില്ല, പെരുനാട് | 1944 |
| 2 | 1 | 176 A | ശ്രീകുമാർ.റ്റി.എസ്., ഉതിയിൽ, തോട്ടമൺ, റാന്നി | 2901 |
| 3 | 1 | 371 | ലക്ഷ്മിയമ്മ ഭവാനിയമ്മ, തുണ്ടിയിൽ,തോട്ടമൺ | 1357 |
| 4 | 1 | 463 B | പി.എം.പുന്നൂസ്, വാഴയിൽ, തോട്ടമൺ, | 975 |
| 5 | 1 | 554 | ഉലുപ്പാൻ, പുതുപ്പറമ്പിൽ,റാന്നി | 1872 |
| 6 | 1 | 574 | അജിൽ എം. കുര്യക്കോസ് , നീതു, മുണ്ടപ്ലാക്കൽ,റാന്നി | 2376 |
| 7 | 2 | 263 A | കേരള സർക്കാർ, റാന്നി | 1098 |
| 8 | 2 | 264 | ചീഫ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ | 785 |
| 9 | 2 | 265 | ചീഫ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ | 628 |
| 10 | 2 | 266 | ചീഫ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ | 628 |
| 11 | 2 | 302 | പ്രദീപ് കുമാർ.പി.ആർ., പുന്നമൂട്ടിൽ,മുണ്ടപ്പുഴ, റാന്നി | 268 |
| 12 | 2 | 310 A | ഫോറസ്റ്റ റെയ്ഞ്ച് ഓഫീസ്, ,റാന്നി | 19308 |
| 13 | 2 | 311 | ഡി.എഫ്.ഒ ക്വാർട്ടേഴ്സ്,മുണ്ടപ്പുഴ, റാന്നി | 13440 |
| 14 | 2 | 455 | സെക്രട്ടറി. മാർക്കറ്റിംഗ് സൊസൈറ്റി, മുണ്ടപ്പുഴ,റാന്നി | 6544 |
| 15 | 3 | 115 | റ്റി.എസ്. രമേശ് കുമാർ, കേസരി ഭവൻ, വൈക്കം, | 2540 |
| 16 | 4 | 130 | ഗോപാലകൃഷ്ണൻ കർത്താ, ഓലിയ്ക്കൽ,മന്ദിരം, റാന്നി | 1839 |
| 17 | 4 | 132 | മഞ്ജു എം. ഇസ്മയിൽ, പൌവ്വത്ത് വീട്, റാന്നി | 5884 |
| 18 | 4 | 390 A | റോയി സി. മാത്യു, വാഴയിൽ,തോട്ടമൺ, റാന്നി | 5229 |
| 19 | 4 | 412 | പൂന്നൂസ് ചാക്കോ, വാഴയിൽ,തെക്കേപ്പുറം,റാന്നി | 272 |

| | | | | |
|---|---|---|---|---|
| 20 | 7 | 206 | ബിജു.പി., ശ്രീനിലയം,പുതുശ്ശേരിമല | 2334 |
| 21 | 7 | 319 | വോഡാഫോൺ എസ്.ആർ.സെല്ലുലാർ | 89022 |
| 22 | 7 | 324 A | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 6720 |
| 23 | 7 | 325 | ഐഡിയ മോബൈൽ കമ്മ്യൂണിക്കേഷൻലിമിറ്റഡ് | 38796 |
| 24 | 13 | 244 A | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 3038 |
| 25 | 13 | 244 C | പ്രസിഡന്റ്, സെക്രട്ടറി, കേരള അഡ്വക്കേറ്റ്സ് ക്ളാർക്സ് അസോസിയേഷൻ,റാന്നി | 10918 |
| 26 | 13 | 245 M | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 4569 |
| 27 | 13 | 245 N | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 6879 |
| 28 | 13 | 245 O | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 33138 |
| 29 | 13 | 245 P | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 33138 |
| 30 | 13 | 245 Q | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 17676 |
| 31 | 13 | 245 R | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 25074 |
| 32 | 13 | 245 S | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 79290 |
| 33 | 13 | 245 T | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 66204 |
| 34 | 13 | 245 V | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 83756 |
| 35 | 13 | 245 W | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 15480 |
| 36 | 13 | 245 X | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 9288 |
| 37 | 13 | 245 Y | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 11672 |
| 38 | 13 | 245 Z | തഹസിൽദാർ, താലൂക്ക് ഓഫീസ്, റാന്നി | 12014 |
| 39 | 13 | 379 A | കുരുവിള ഏബ്രഹാം, ചക്കമൂട്ടിൽ, തോട്ടമൺ, | 3567 |
| 40 | 13 | 379 B | കുരുവിള എബ്രഹാം, ചക്കമൂട്ടിൽ, തോട്ടമൺ | 3585 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/17.11.2023), കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് വരുമാന ഡിമാന്റിന്റെ 90ശതമാനമെങ്കിലും പിരിവ് കൈവരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 1% കുറവ് വരുത്തേണ്ടതാണെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ 8-ാമത് ശുപാർശ അംഗീകരിച്ച് 18.12.2022-ൽ സ.ഉ.(കൈ.)നം.179/2022/ധന നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി

പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-16 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

റാന്നി വില്ലേജ് ബ്ലോക്ക് നമ്പർ 16-ൽ സർവ്വേ നം. 456/5-ലുള്ള 2245ച.മീ ഭൂമിയിൽ ശ്രീ തോമസ്/പൊന്നി, പാറവിനേത്ത്, പുതുശ്ശേരിമല എന്ന വ്യക്തി പെർമിറ്റെടുത്ത് (B3-BA(326765)/2021/ 22.12.2021) നിർമ്മാണം പൂർത്തിയാക്കിയ 40ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 15.10.2022-ൽ 6/24A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 6-ാം വാർഡിൽ പുതുശ്ശേരിമല-ചെങ്ങറമുക്ക് റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത റോഡിന്റെ വീതി 7.24 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/17.11.2023) മറുപടിയായി, കെട്ടിടത്തിന്റെ വസ്തുനികുതി സഞ്ചയയിൽ പുനർനിർണ്ണയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക തൻവർഷത്തെ നികുതിയോടൊപ്പം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 ഹോം സ്റ്റേ കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു

ശ്രീ രാജു കുര്യൻ കണ്ണംകുഴിയത്ത്, റാന്നി എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ റാന്നി വില്ലേജ് , ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നം. 337/6-1- ലുള്ള 3/396/CDE എന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് പാർപ്പിടാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽപ്പെടുത്തിയാണ് . എന്നാൽ പ്രസ്തുത കെട്ടിടം ഫോർ സീസൺസ് സർവ്വീസ് അപ്പാർട്ട്മെന്റ് എന്ന പേരിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സർവ്വീസ് അപ്പാർട്ടുമെന്റുകളായി പ്രവർത്തിപ്പിക്കുന്നതിന് ടിയാന് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഹോം സ്റ്റേ ആവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടത്തിനാണ് ഇത്തരത്തിൽ പാർപ്പിടാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 7രൂപയും ഹോം സ്റ്റേ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40രൂപയുമാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം പഞ്ചായത്തിന് നികുതി നഷ്ടമുണ്ടായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ.) | വസ്തുനികുതി നിർണ്ണയിച്ചത് (പാർപ്പിടാവശ്യം – ച.മീറ്ററിന് 7 രൂപ നിരക്കിൽ) | | വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത് (ഹോം സ്റ്റേ –ച.മീറ്ററിന് 40 രൂപ നിരക്കിൽ) | |
|---|---|---|---|---|
| 293.63 | അടിസ്ഥാന വസ്തുനികുതി | 2055 | അടിസ്ഥാന വസ്തുനികുതി | 11745 |
| | ദ്വിതീയ മേഖല -10% ഇളവ് | 206 | ദ്വിതീയ മേഖല -10% ഇളവ് | 1175 |
| | തറനിർമ്മിതി- 15% വർദ്ധനവ് | 308 | തറനിർമ്മിതി- 15% വർദ്ധനവ് | 1762 |
| | **ആകെ** | **2569** | **ആകെ** | **14682** |
| | സേവന ഉപനികുതി -15% | 385 | സേവന ഉപനികുതി -15% | 2202 |
| | **ആകെ നികുതി** | **2954** | **ആകെ നികുതി** | **16884** |
| | **നികുതി നഷ്ടം** | | **13930** | |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/18.11.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗക്രമത്തിൽ മാറ്റം വരുത്തി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഒക്യുപൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം

റാന്നി വില്ലേജ് , ബ്ലോക്ക് നമ്പർ 16-ൽ സർവ്വേ നം. 194/6, 195/2 എന്നിവയിലുള്ള 3355ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 109.72 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിൽ (10/74A) ഒന്നും രണ്ടും നിലകൾ നിർമ്മിക്കുന്നതിന് ശ്രീ എബ്രഹാം വി. ജോർജ്ജ്, വെള്ളാരത്ത് ഹൗസ്, ഉതിമൂട് എന്ന വ്യക്തിയ്ക്ക് 17.03.2021-ൽ B3-BA(70942)/2021 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. പ്ലോട്ടിൽ 166.16ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള മറ്റൊരു കെട്ടിടവും (10/74) 20.57ച.മീ. വിസ്തീർണ്ണമുള്ള ഒരു ഔട്ട് ഹൗസും നിലവിലുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിനിയോഗഗണം | വിസ്തീർണ്ണം |
|---|---|---|
| തറനിരപ്പ് (നിലവിലുള്ളത്) | വാണിജ്യാവശ്യം | 106.72 |
| ഒന്നാം നില | വാണിജ്യാവശ്യം | 124.31 |
| രണ്ടാം നില | പാർപ്പിടാവശ്യം | 141.81 |
| ആകെ | | 372.84 |

നിർമ്മാണം പൂർത്തിയാക്കി 26.04.22-ൽ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗം പരിശോധനാ നടത്തുകയും 10/74B, 10/74C എന്നീ കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിനിയോഗഗണം | വിസ്തീർണ്ണം |
|---|---|---|
| തറനിരപ്പ് (നിലവിലുള്ളത്) | വാണിജ്യാവശ്യം | 109.72 |
| ഒന്നാം നില | വാണിജ്യാവശ്യം | 140.88 |
| രണ്ടാം നില | പാർപ്പിടാവശ്യം | 145.12 |
| സ്റ്റെയർ കാബിൻ | - | 17.53 |
| ആകെ | | 413.25 |

കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(6) പ്രകാരം കെട്ടിടത്തിന് 3 കാറുകൾക്കുള്ള തെരുവ് വിട്ടുള്ള പാർക്കിംഗ് സൗകര്യം ആവശ്യമാണ്. പാർക്കിംഗ് പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് ഭിന്നശേഷി വിഭാഗത്തിനുള്ള പാർക്കിംഗും ഇരുചക്രവാഹന പാർക്കിംഗും കാണിച്ചിട്ടുണ്ട്. ബാക്കി പാർക്കിംഗ് കെട്ടിടത്തിന്റെ സമീപം നിലവിലുള്ള വീടിന്റെ പരിസരത്തുമായാണ് കാണിച്ചിട്ടുള്ളത്.

ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ ഭിന്നശേഷി വിഭാഗത്തിനുള്ള പാർക്കിംഗായി കാണിച്ചിട്ടുള്ള ഭാഗത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ ഭാഗത്തേക്ക് ഇറക്കി ചട്ട പ്രകാരമുള്ള ദൂരപരിധികൾ പാലിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടു. കെട്ടിടം നിലവിൽ കേരള പഞ്ചായത്ത് രാജ് നിയമം 220ബി., പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം.23 എന്നിവ പ്രകാരമുള്ള ദൂരപരിധി പാലിക്കുന്നില്ല.




ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/17.11.2023), കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഫയൽ സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക്

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിലെ അപാകത, 78911 രൂപ വരവ് നഷ്ടം

റാന്നി ഗ്രാമ പഞ്ചായത്തിലെ ഡിപ്പോപ്പടി-കരിംകുറ്റിക്കൽ റോഡ്, മന്ദിരം ജംഗ്ഷൻ പള്ളിപ്പടി-പുതുശ്ശേരിമല റോഡ് എന്നിവയിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിക്കുന്നതിന് റോഡ് കട്ടിംഗ് നടത്തുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പഞ്ചായത്ത് അനുമതി നൽകിയിരുന്നു. റോഡതിരിന്റെ മണ്ണ് ഭാഗം 4055 മീറ്റർ നീളത്തിലും 0.45 മീ. വീതിയിലും, കോൺക്രീറ്റ് ഭാഗം, ഐറിഷ് ഡ്രെയിൻ എന്നിവ 395 മീ. നീളത്തിലും 0.45മീ. വീതിയിലും കട്ട് ചെയ്യുക, 0.55 മീ.x0.55 മീ. അളവിൽ ബിറ്റുമിൻ റോഡിൽ 40 -ഉം കോൺക്രീറ്റ് റോഡിൽ 5-ഉം പിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവൃത്തികൾ നടത്തുന്നതിനാണ് കമ്പനി പഞ്ചായത്തിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിന്റെ റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 2447756 രൂപ ഡിമാന്റ് ചെയ്ത് ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകതയുണ്ട്. ബിറ്റുമിൻ, കോൺക്രീറ്റ് റോഡുകളിലെ 45 പിറ്റുകൾക്ക് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുന്നതിന് പകരം ഇരുവിഭാഗത്തിലുമായി ഓരോ എണ്ണം വീതം ആകെ 2 പിറ്റുകളുടെ റീസ്റ്റോറേഷൻ ചാർജ്ജ് മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ബിറ്റുമിൻ പ്രതലങ്ങളുടെ റീസ്റ്റോറേഷൻ വിഡ്ത്ത് യഥാർത്ഥ ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങ്, കുറഞ്ഞത് 1 മീ. ആയിരിക്കേണ്ടതുമാണ്. എന്നാൽ യഥാർത്ഥ ട്രഞ്ച് വിഡ്ത്ത് അടിസ്ഥാനമാക്കിയാണ് ബിറ്റുമിൻ പിറ്റുകളുടെ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയത്</u>

| Nature Of Surface | No. Of Trench | Trench Width (M) | Length (M) | Restoration Width (M) | Restoration Area (Length X Restoration Width X Number Of Trench) | Rate (Rs.) | Amount (Rs.) |
|---|---|---|---|---|---|---|---|
| Berm(Earth) | 1 | 0.45 | 4055 | 0.675 | 2,737.13 | 359.85 | 984954.43 |
| Concrete(Irish Drain & Berm) | 1 | 0.45 | 395 | 0.675 | 266.63 | 5473.44 | 1459355.94 |
| Pit(BT Surface) | 40 | 0.55 | 0.55 | 1 | 0.30 (0.55x0.55x1) | 3179.04 | 0 |
| Pit(Concrete Road Surface) | 5 | 0.55 | 0.55 | 0.825 | 0.45 (0.55x0.825x1) | 5473.44 | 0 |
| Total | | | | | | | 2444310.37 |

<u>റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടിയിരുന്നത്</u>

| Nature Of Surface | No. Of Trench | Trench Width (M) | Length (M) | Restoration Width (M) | Restoration Area (Length X Restoration Width X Number Of Trench) | Rate (Rs.) | Amount (Rs.) |
|---|---|---|---|---|---|---|---|
| Berm(Earth) | 1 | 0.45 | 4055 | 0.675 | 2,737.13 | 359.85 | 984954.43 |
| Concrete (Irish Drain & Berm) | 1 | 0.45 | 395 | 0.675 | 266.63 | 5473.44 | 1459355.94 |
| Pit (BT Surface) | 40 | 0.55 | 0.55 | 1 | 22.00 | 3179.04 | 69938.88 |
| Pit(Concrete Road Surface) | 5 | 0.55 | 0.55 | 0.825 | 2.27 | 5473.44 | 12417.87 |
| Total | | | | | | | 2526667.12 |

റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ 78911രൂപയുടെ(2526667-2447756) കുറവ് ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/18.11.23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക കമ്പനിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 മെയിന്റനൻസ് ഫണ്ട്- 22.87 ലക്ഷം രൂപ നഷ്ടപ്പെടുത്തി

മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി 2022-23 സാമ്പത്തിക വർഷം 22.87 ലക്ഷം രൂപ നഷ്ടപ്പെടുത്തി. ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 4570000 | 4090995 | 89.52 % | 479005 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 6209000 | 4400728 | 70.88 % | 1808272 |
| ആകെ | 10779000 | 8491723 | 78.78 % | 2287277 |

മെയിന്റനൻസ് ഗ്രാന്റ് - റോഡ് വിഭാഗത്തിൽ ആകെ 96 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 47 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഭാഗത്തിൽ ആകെ 23 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 18 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ, നിർമ്മാണ മേഖലയിലെ പ്രോജക്ടുകളിലാണ് റോഡ് വിഭാഗത്തിൽ തുക ചെലവഴിക്കാതെ പോയിട്ടുള്ളത്. 2022 ഡിസംബറിന് മുമ്പ് തന്നെ മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും വെറും 44.53% മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. പദ്ധതി ചെലവ് 80%- ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്ത് കിട്ടുകയില്ല. തന്മൂലം പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലനിനാവശ്യമായ തുക തൻവർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് തൻ വർഷത്തെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും.

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇപ്രകാരം വലിയ തോതിൽ ഓരോ വർഷവും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകും. പ്രസ്തുത വിഷയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ സത്വര ശ്രദ്ധക്കായി സമർപ്പിക്കുന്നു.

## 1-21 ലൈബ്രറി സെസ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30- നകവും രണ്ടാം ഗഡു നവംബർ 30-നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ.10088/എൽ 3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-9 പ്രകാരം 211420 രൂപ ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി കാണിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക നാളിതുവരെ അടവാക്കിയിട്ടില്ല. 2021-22 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ അടവാക്കാൻ ബാക്കിയുണ്ടായിരുന്ന 172724 രൂപ ചെക്ക് നമ്പർ 976751 തീയതി 25-05-2022 പ്രകാരം അടവാക്കിയിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം പിരിച്ചെടുത്ത 211420 രൂപയാണ് അടയ്ക്കാൻ അവശേഷിക്കുന്നത്. പ്രസ്തുത തുക അടിയന്തിരമായി അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ജീവനക്കാർക്ക് ലീവ് സറണ്ടർ- സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ എന്നിവർക്ക് ലീവ് സറണ്ടർ ആനുകൂല്യം നൽകിയെങ്കിലും സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ**

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത ടെക്നിക്കൽ അസ്സിസ്റ്റന്റ്, പ്രോജക്ട് അസ്സിസ്റ്റന്റ്, എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ എന്നിവർക്ക് ലീവ് സറണ്ടർ ആനുകൂല്യം നൽകിയിരുന്നു. എന്നാൽ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് തുക നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | ലീവ് സറണ്ടർ അനുവദിച്ച ദിവസങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | രാജി.വി.ആർ | ടെക്നിക്കൽ അസ്സിസ്റ്റന്റ് | 15 | 15497 |

| | | | | |
|---|---|---|---|---|
| 2 | ആര്യലക്ഷ്മി | പ്രോജക്ട് അസ്സിസ്റ്റന്റ് | 15 | 11145 |
| 3 | ലതാകുമാരി.പി.വി | എ.ഇ, എൻ.ആർ.ഇ.ജി.എസ് | 30 | 31460 |
| 4 | സിന്ധു.റ്റി,നായർ | ഡി.ഇ.ഒ, എൻ.ആർ.ഇ.ജി.എസ് | 30 | 24040 |
| 5 | സന്ധ്യ.കെ,എം | ഡി.ഇ.ഒ, എൻ.ആർ.ഇ.ജി.എസ് | 30 | 24040 |
| 6 | ഷിന്റു മനോജ് | ഓവർസിയർ, എൻ.ആർ.ഇ.ജി.എസ് | 15 | 12750 |

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1) ആര്യലക്ഷ്മി(പ്രോജക്ട് അസ്സിസ്റ്റന്റ് ). ഷിന്റു മനോജ് (ഓവർസിയർ, എൻ.ആർ.ഇ.ജി.എസ്) എന്നിവരുടെ സേവനപുസ്തകം സൂക്ഷിച്ചിട്ടില്ല

2) ക്രമ നം. 1, 3, 4, 5 എന്നിവ പ്രകാരമുള്ള ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ലീവ് അക്കൗണ്ടിൽ ലീവ് സംബന്ധമായ വിവരങ്ങൾ- അതായത് ആർജ്ജിച്ച ലീവ്, സറണ്ടർ ചെയ്ത ലീവിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ലീവ് പാസ്സാക്കിയത് സംബന്ധമായ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

3) സേവനപുസ്തകത്തിൽ യാതൊരു വിധ രേഖപ്പെടുകളും വരുത്തുന്നില്ല. സേവനപുസ്തകത്തിൽ കരാർ വിവരങ്ങൾ, ജോലി സംബന്ധമായ വിവരങ്ങൾ, അവധി സംബന്ധമായ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.5/23 തീയതി 14-11-2023) നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമ നം.1,2,6 എന്നിവ പ്രകാരമുള്ള ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ രേഖപ്പെടുത്തി പരിശോധനക്കായി ഹാജരാക്കി. സേവനപുസ്തകത്തിൽ ലീവ് സറണ്ടർ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താതെയും ലീവ് അക്കൗണ്ടിൽ ആവശ്യമായ കുറവ് വരുത്താതെയും അവധി ആനുകൂല്യം നൽകിയത് വളരെ ഗുരുതരമായ അപാകതയാണ്.

**സ്ഥിരം ജീവനക്കാർക്ക് ലീവ് സറണ്ടർ**

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ 212400രൂപ അനുവദിച്ച് നൽകിയിരുന്നു. പ്രോസീഡിംഗ്സ് തയ്യാറാക്കി സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് തുക ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. 30 ദിവസത്തെ അവധിയാണ് സറണ്ടർ ചെയ്ത് നൽകിയതെങ്കിലും ജീവനക്കാരുടെ സേവനപുസ്തകത്തിലെ ആർജ്ജിതാവധി അക്കൗണ്ടിൽ പ്രസ്തുത ദിവസങ്ങൾ കുറവ് ചെയ്യാതെയാണ് ഇപ്രകാരം സറണ്ടർ ആനുകൂല്യം നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും തസ്തികയും | തുക | പി.എഫ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| 1 | സതീശൻ.വി.എസ്,<br>അസ്സിസ്റ്റന്റ് സെക്രട്ടറി | 56500 | 28-03-2023 |
| 2 | അനീഷ്കുമാർ.എസ്<br>അക്കൗണ്ടന്റ് | 49000 | |
| 3 | ലിൻസി.എം.കുഞ്ഞപ്പൻ<br>സീനിയർ ക്ലർക്ക് | 38300 | |
| 4 | ഷീജ.വി<br>സീനിയർ ക്ലർക്ക് | 38300 | |
| 5 | സുബൈർകുട്ടി.പി.എച്ച്<br>ക്ലർക്ക് | 30300 | |

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി, സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.7/23 തീയതി 15-11-2023) നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമ നം.1,5 എന്നിവ പ്രകാരമുള്ള ജീവനക്കാരുടെ സേവനപുസ്തകത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ലീവ് അക്കൗണ്ടിൽ കുറവ് വരുത്തി ഹാജരാക്കുകയും ചെയ്തു. എന്നാൽ ക്രമ നം. 2,3,4 എന്നിവ പ്രകാരമുള്ള ജീവനക്കാർ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറി പോയിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത ജീവനക്കാർ ജോലി ചെയ്തിരുന്ന ഗ്രാമപഞ്ചായത്തുകളിലേക്ക് കത്ത് നൽകുകയും വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു.

ജീവനക്കാർക്ക് അവധി ആനുകൂല്യം നൽകുമ്പോൾ പ്രൊസീഡിംഗ്സ് തയ്യാറാക്കി സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും അവധി അക്കൗണ്ടിൽ സറണ്ടർ ചെയ്യുന്ന ലീവ് കുറവ് ചെയ്യേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ സറണ്ടർ ആനുകൂല്യം നൽകിയത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ ക്ലർക്ക്, ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടായ വീഴ്ച്ചയാണ്. ജീവനക്കാർ സ്ഥലം മാറിപോയെങ്കിലും ഓഡിറ്റ്

ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അപാകത ശ്രദ്ധിക്കപ്പെട്ടതും പരിഹരിക്കാൻ സാധ്യമായതും എന്നുള്ളതും ശ്രദ്ധേയമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കപ്പെടാതിരിക്കാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ജാഗ്രത ഉണ്ടാകേണ്ടതാണ്.

## 1-23 റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം അധിക ചെലവ്

അസ്സിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ റോഡ് റീ കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കാരണം അധിക ചെലവ് ഉണ്ടായിട്ടുള്ളതായി കണ്ടു. നിലവിലുള്ള കോൺക്രീറ്റ് റോഡുകൾ പോട്ട്ഹോൾ ഫില്ലിംഗ് ചെയ്ത് 5 സെ.മീറ്റർ മുതൽ 7.5 സെ.മീറ്റർ കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR കോഡ് 75.8.1.1.A പ്രകാരമുള്ള, ഫോംവർക്ക് ഉൾപ്പെടാത്ത സ്പെസിഫിക്കേഷനാണ് അവലംബിക്കേണ്ടത്. എന്നാൽ ഇവിടെ 75.8.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ഇതിന് അനുവദിച്ച നിരക്കിൽ ഫോംവർക്കിനുള്ള 4% തുക കൂടി ഉൾപ്പെടുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം സർക്കാർ ഫണ്ടിന് 7115 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഇനം നം. | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ചത് (DSR 75.8.1.1) | അനുവദനീയമായ നിരക്ക് (DSR 75.8.1.1A) | അധികം നൽകിയത് |
|---|---|---|---|---|
| തെക്കേപ്പുറം മുള്ളൻവാരം റോഡ് നവീകരണം (135/23)<br>അടങ്കൽ - 395000 (MG_R)<br>കരാറുകാരൻ - ശ്രീ ആകാശ്.എസ്.നായർ<br>കരാർ നം.14/22-23<br>ചെലവ് - 323206<br>ബിൽ നം., തീ. 2205045201160126418 5<br>28/02/2023 | 2 | 10.350<br>@8400.78<br>86948.07 | 10.350<br>@8077.68<br>83603.99 | 3344.08 |
| നടുവിലേത്ത്പടി കുറവംവേലിൽ പടി തുണ്ടിയിൽപ്പട് ഭാഗം റോഡ് നവീകരണം (117/23)<br>അടങ്കൽ - 200000 (MG-R)<br>കരാറുകാരൻ - ശ്രീ പി.വി സോമശേഖരൻ നായർ<br>കരാർ നം. - 03/22-23<br>ചെലവ് - 141884<br>ബിൽ നം., തീ. 2205045201160143350<br>21/03/2023 | 2 | 11.672<br>@8400.78<br>98053.90 | 11,672<br>@8077.68<br>94282.68 | 3771.22 |
| ആകെ | | | | 7115.30 |

പ്രസ്തുത അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം.13/23 തീയതി 18-11-2023) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ, അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചത് മൂലമുണ്ടായ അധിക ചെലവ് തുകയായ 7115 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി നൽകിയ തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 ഭവന പുനരുദ്ധാരണം-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഭവന പുനരുദ്ധാരണം (ജനറൽ, പട്ടികജാതി) പദ്ധതികളുടെ ഭാഗമായി ആദ്യഗഡു തുക മുൻകൂറായി കൈപ്പറ്റിയ താഴെച്ചേർക്കുന്ന ഗുണഭോക്താക്കൾ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി അവസാന ഗഡു തുക നാളിതുവരെ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തീകരിച്ച വിവരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ച് അവശേഷിക്കുന്ന തുകയ്ക്ക് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ജനറൽ വിഭാഗം, പ്രോജക്ട് നം. 06/23 | | |
|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക |
| 1 | വിജയൻ പി.കെ, പുത്തേട്ട് മേലേക്കുറ്റ്, വാർഡ്-5 | 25000 |
| 2 | ലിജു മാത്യു, പുതിയ പുരയിടത്തിൽ, വാർഡ്-10 | 25000 |
| 3 | സുരേന്ദ്രൻ കെ.എൻ, കുന്നംപുറത്ത്, വാർഡ്-7 | 25000 |
| 4 | മിനി പി.സി, ചാമക്കാലായിൽ, വാർഡ്-6 | 25000 |
| 5 | ജയശ്രീ കെ.കെ, പൂന്തുരുത്തിയിൽ, വാർഡ്-5 | 25000 |
| പട്ടികജാതി വിഭാഗം, പ്രോജക്ട് നം. 110/23 | | |
| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക |
| 1 | ശ്രീജ സി.ജി, തോപ്പിൽ മുരുപ്പേൽ, വാർഡ്-8 | 50000 |

ടി ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/20.11.23) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, ജനറൽ വിഭാഗത്തിലെ ക്രമ നം. 3, 4, 5 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കളുടെ വീടിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും ക്രമ നം. 01, 02 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കളുടെ വീടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണെന്നും അറിയിച്ചു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന്റെ വീടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു തുകയും കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-25 പാർശ്വഭിത്തി നിർമ്മാണത്തിന് ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിന് വില നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാളത്തുപ്പടി -മരുതേലി റോഡ് പാർശ്വഭിത്തി നിർമ്മാണവും നവീകരണവും (42/22-23) |
| അടങ്കൽ | 200000 (MG_R) |
| കരാറുകാരൻ | ശ്രീ എം.എ സാബു |
| എഗ്രിമെന്റ് നം. | 32/21-22, 01-12-2021 |
| എം.ബുക്ക് നം. | 01/22-23 |
| പ്രവൃത്തി മൂല്യം | 148000 |
| ബിൽ നം., തീ. | 22050452011601264174/28-02-2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

**2022-23** വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിക്കുകയും, പ്രവൃത്തി സ്ഥലത്ത് നേരിട്ട് പരിശോധന നടത്തുകയും ചെയ്തതിൽ, എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പാലിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് 168 എണ്ണം ആണിക്കല്ല് (Bond Stone) ആണ് ഉപയോഗിക്കേണ്ടിയിരുന്നത്. ആണിക്കല്ല് ഉപയോഗിക്കാതെ നിർമ്മാണം നടത്തിയതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ കുറവുണ്ടായെന്ന് മാത്രമല്ല, ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണുകൾക്ക് നിരക്ക് അനുവദിക്കുക വഴി കരാറുകാരന് അനർഹമായ ലാഭം ഉണ്ടാകുകയും ചെയ്തു.

റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 200000 ലക്ഷം രൂപ വകയിരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തത്. വാളത്തുപ്പടി- മരുതോലി റോഡ്സൈഡിൽ 19 മീറ്റർ നീളത്തിലും, ശരാശരി1.8 മീറ്റർ പൊക്കത്തിലും കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ 26% കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച (131872) ശ്രീ എം.എ സാബു എന്നയാളാണ് കരാറെടുത്തത്. 01/12/2021-ൽ കരാർ വെച്ച ഈ പ്രവൃത്തി 24/01/23-ൽ കരാറുകാരൻ പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരന് നിയമപരമായ കിഴിവുകൾ ( GST, ഫൈൻ ഉൾപ്പടെ) നടത്തിയതിനുശേഷം 148000 രൂപ പ്രതിഫലവും നൽകി.

പ്രവൃത്തിയുടെ ഇനം 4 പ്രകാരം 23.940 $M^3$ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിന് 4043.42/$M^3$ നിരക്കിൽ 96799.47 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1)

നിരക്കമാണ് അനുവദിച്ച നൽകിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള Bond Stone ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. ബോണ്ട് സ്റ്റോൺ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സംഗതിയിൽ, അവ മെഷർമെന്റും, ചെക്ക് മെഷർമെന്റും എടുക്കുന്നതിനും കഴിയുന്ന തരത്തിൽ പെയ്ന്റ് ഉപയോഗിച്ച് അടയാളപ്പെടുത്തേണ്ടത് ആവശ്യമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

ഈ പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്ത സംഗതിയിൽ സാധാരണ പാറകെട്ടിന് അനുവദിക്കാവുന്ന നിരക്കായ ക്യൂബിക് മീറ്ററിന് 2809.90 എന്ന നിരക്കാണ് അനുവദനീയം. അധികമായി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ചെയ്ത പ്രവൃത്തിയുടെ അളവ് | ബോണ്ട് സ്റ്റോൺ ഉപയോഗിച്ചുള്ള നിർമ്മാണത്തിന് നൽകാവുന്ന നിരക്കും തുകയും ($4043.42/m^3$ | സാധാരണ പാറക്കെട്ടിന് അനുവദിക്കാവുന്ന നിരക്കും തുകയും ($2809.90/m^3$ | അധികമായി നൽകിയ തുക | ആകെ (ടെണ്ടർ കുറവ്-26% + ജി.എസ്.ടി കോമ്പൻസേഷൻ 18% = 8%കുറവ്) |
|---|---|---|---|---|
| 23.940 $M^3$ | 96799.47 | 67269.01 | 29530.46 | 27168 |

പ്രസ്തുത അപാകത ചൂണ്ടിക്കാട്ടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി ( നം.22, തീയതി 18-11-2023) നൽകിയിരുന്നു. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ, കരാറുകാരന് അധികമായി നൽകിയ 27168 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 പമ്പാ നദീതീര സംരക്ഷണത്തിന് ലഭിച്ച തുക ചെലവഴിച്ചില്ല

കേരള സർക്കാരിന്റെ റീ ബിൽഡ് കേരള ഇനിഷേറ്റീവിന്റെ ഭാഗമായി പമ്പാ നദീതീര സംരക്ഷണത്തിനായി കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് തയ്യാറാക്കിയ ജൈവ വൈവിധ്യ പുനരുദ്ധാരണ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷം 637190/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് കേരള ജൈവ വൈവിദ്ധ്യ ബോർഡിൽ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് തുക ലഭിച്ചത്. എന്നാൽ ലഭിച്ച തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.22/18.11.2023) ലഭ്യമാക്കിയ മറുപടിയിൽ 75350 രൂപ ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനായി ചെലവഴിച്ചതായും തുടർ പ്രവർത്തനങ്ങൾക്കായി മറ്റ് പ്രോജക്ടുകളൊന്നും തന്നെ നിലവിലില്ലായെന്നുമാണ് അറിയിച്ചത്. 16154 രൂപ പലിശ ഉൾപ്പെടെ 577994 രൂപ നിലവിൽ പ്രസ്തുത ഇനത്തിൽ അവശേഷിക്കുന്നുണ്ട്. പമ്പാ നദീതീര സംരക്ഷണത്തിനായി ലഭിച്ച തുക ഗ്രാമപഞ്ചായത്ത് ജൈവ വൈവിദ്ധ്യ ബോർഡിന് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 2018-19-ൽ ആരംഭിച്ച അങ്കണവാടി നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 4-വാർഡിലെ 5-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി വഴി നിർമ്മിക്കുന്നതിന് 2018-19 വർഷം പദ്ധതി രൂപീകരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തെങ്കിലും നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തിയാക്കിട്ടില്ല. നിലവിലുണ്ടായിരുന്ന അങ്കണവാടി കെട്ടിടം പുതിയ കെട്ടിടം നിർമ്മിക്കാനായി പൊളിച്ചു മാറ്റിയതിനാൽ 4 വർഷത്തോളമായി വാടക കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നത്.

11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിരുന്നത്. എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട്-5ലക്ഷം, ഗ്രാമപഞ്ചായത്ത് വിഹിതം-2 ലക്ഷം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2 ലക്ഷം, ഐ.സി.ഡി.എസ് വിഹിതം-2 ലക്ഷം എന്നിങ്ങനെയാണ് പദ്ധതിയ്ക്കായി വകയിരുത്തിയത്. അങ്കണവാടിയുടെ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനും വിദഗ്ധ തൊളിലാളികളുടെ പ്രവൃത്തികൾക്കുമായി അബ്രഹാം സി. കുരുവിള, ചക്കമൂട്ടിൽ റാന്നി എന്നയാളുമായി പഞ്ചായത്ത് 25.11.2019-ൽ കരാറിൽ ഏർപ്പെടുകയും തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ പ്രകാരം 25.05.2020-നകം പൂർത്തീയാക്കേണ്ട പ്രവൃത്തി നാളിതുവരെയായിട്ടും പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ മേൽക്കൂരയുടെ വാർപ്പ് വരെയുള്ള പണികൾ മാത്രമാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളത്. അവിദഗ്ധ തൊഴിലാളികളുടെ വേതനമായി 11248രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികൾക്കും വിദഗ്ധ തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീ ഇനങ്ങളിലായി 447866രൂപ കരാറുകാരനും നൽകിയിട്ടുണ്ട്. 17.01.2022-ന് ശേഷം യാതൊരു പ്രവൃത്തികളും കരാറുകാരൻ നടത്തിയിട്ടില്ല.

അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടത് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-22-ൽ പരാമർശിക്കപ്പെട്ടിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച

നടപടികൾ, കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കുന്നതിന് 25/18.11.2023- നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയുടെ 19.09.2023-ലെ 12(1), 11.10.2023-ലെ 19(1) എന്നീ തീരുമാനങ്ങൾ പ്രകാരം കരാറുകാരന് രജിസ്റ്റേർഡ് നോട്ടീസുകൾ നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടിയാനെതിരെ നിയമപരമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികളും ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-28 എസ്.എസ്.കെ. വിഹിതം നൽകൽ-തുടർനിരീക്ഷണമില്ല

| | |
|---|---|
| പ്രോ. നം. | 123/23 |
| അടങ്കൽ | 235,000/- |
| ചെലവ് | 235,000/- |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായ എസ്സ്.എസ്സ്.കെ വിഹിതം നൽകൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ, പതിനാലാം പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

പതിനാലാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സമഗ്ര ശിക്ഷ കേരളം പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നൽകണം. മുകളിൽ പറഞ്ഞ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം3 തീയതി 22-11-2023),എസ്സ് എസ്സ് കെയ്ക്ക് നൽകിയ തുകയുടെ വിനിയോഗം, നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ എസ്സ് എസ്സ്കെ പ്രോജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഹെഡ് മിസ്ട്രസ് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-29 സ്കൂളുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ അപാകതകൾ കണ്ടെത്തുകയുണ്ടായി

| ക്രമ നം. | പദ്ധതി നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 125/23(സ്കൂളുകളിലേയ്ക്ക്ഫർണിച്ചർ വാങ്ങൽ) | 300000 | 299713 |
| 2 | 126/23(സ്കൂളുകളിലേയ്ക്ക്പാത്രങ്ങൾ വാങ്ങൽ) | 200000 | 151735 |

ഈ പദ്ധതികൾ പ്രകാരം വാങ്ങിയ ഫർണിച്ചർ, സ്കൂളുകളിലേയ്ക്ക് ആവശ്യമായ പാത്രങ്ങൾ എന്നിവ സ്റ്റോക്ക് നമ്പർ ഇട്ട് രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വാങ്ങുന്ന സാധനങ്ങൾക്ക് ഒരു വർഷത്തിൽ കുറയാത്ത ഗ്യാരന്റി നൽകേണ്ടതാണെന്ന് ടെൻഡർ വ്യവസ്ഥകളിൽ പറയുന്നുണ്ടെങ്കിലും അവയുടെ ഗാരന്റി സംബന്ധിച്ച് ,വിതരണം ചെയ്ത സ്ഥാപനങ്ങളിൽ നിന്നും യാതൊരു ഉറപ്പും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, എഗ്രിമെന്റ് മുഖേന ഗാരന്റി ഉറപ്പാക്കിയിട്ടുണ്ടെന്നാണ് ഹെഡ്മിസ്ട്രസ് പറഞ്ഞിട്ടുള്ളത്. എന്നാൽ കരാറിൽ തീയതി, കാലാവധി എന്നിവ സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി, ഗുണമേന്മ ഉറപ്പ് വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്, ആവശ്യമായ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങളാണ് ലഭിച്ചിട്ടുള്ളത് എന്നിവ ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ അംഗീകൃത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ, വാങ്ങിയ സാധനങ്ങൾ ഉൾപ്പെടുത്തി വാർഷിക പരിശോധന നടത്തി സൂക്ഷിക്കേണ്ടതാണ്.

## 1-30 പ്രവർത്തിക്കാത്ത 48 ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു.

| | |
|---|---|
| പ്രോ.നം. | 91/23 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കുടിവെള്ളംകരമൊടുക്കൽ |

2023 മാർച്ച് മുതൽ വെള്ളക്കരം പ്രതിമാസം 80075/- രൂപയാണ് ഒടുക്കുവരുത്തുന്നത് (66 ടാപ്പുകൾക്ക്). 06.06.2023-ൽ നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയ 48 ടാപ്പുകൾ നിർത്തലാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇവയുടെ വെള്ളക്കരം ഇനത്തിൽ വൻതുകയാണ് പാഴ്ചെലവുണ്ടാകുന്നത്. പ്രവർത്തിക്കാത്ത ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് വാട്ടർ അതോരിറ്റിയിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി, പ്രോജക്ട് തയ്യാറാക്കി തുക ഒടുക്കി, ഈ ഇനത്തിലെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്.

## 1-31 കാർഷിക മേഖലയിലെ പദ്ധതികൾ-മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല

വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിവിധ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ വിവരം | ചെലവഴിച്ച തുക | വിതരണ വിവരം |
|---|---|---|---|
| 1 | കുറ്റി കുരുമുളക് കൃഷി (എസ്.സി.പി), 58/23 | 7500 | വിതരണ രജിസ്റ്റർ പ്രകാരം 15 യൂണിറ്റ് വിതരണം ചെയ്തു. |
| 2 | കിഴങ്ങുവർഗ്ഗ വിത്ത് വിതരണം (എസ്.സി.പി), 36/23, സ്പിൽ ഓവർ | 44000 | വിതരണ രജിസ്റ്റർ പ്രകാരം 44 യൂണിറ്റ് വിതരണം ചെയ്തു. |
| 3 | സുഭിക്ഷ കേരളം-നടീൽ വസ്തു വിതരണം, 35/23, സ്പിൽ ഓവർ | 10,20,000 | വിതരണ രജിസ്റ്റർ പ്രകാരം 1020 യൂണിറ്റ് വിതരണം ചെയ്തു. |
| 4 | കുറ്റി കുരുമുളക് കൃഷി, 57/23 | 1,31,000 | വിതരണ രജിസ്റ്റർ പ്രകാരം 336 യൂണിറ്റ് വിതരണം ചെയ്തു. |
| 5 | ഇടവിള കൃഷി, 143/23 | 12,00,000 | വിതരണ രജിസ്റ്റർ പ്രകാരം 1200 യൂണിറ്റ് വിതരണം ചെയ്തു. |

മേൽ പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല. പദ്ധതികളുടെ മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹിക്കേണ്ടത്. പദ്ധതി പ്രകാരം വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം, നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടെന്ന് നിരീക്ഷിച്ച് ഉറപ്പുവരുത്തേണ്ടതും പദ്ധതിയുടെ പൂർത്തീകരണ ശേഷം പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും മോണിട്ടറിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നടീൽ വസ്തുക്കളുടെ വിതരണ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിശ്ചിത കാലയളവിന് ശേഷം ഇവയുടെ ഭൗതിക പരിശോധന പ്രായോഗികമല്ലാത്തതിനാൽ, പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ച് വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് മോണിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അഭാവത്തിൽ ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

## 1-32 ജിയോ ഇൻഫർമാറ്റിക് സോഫ്റ്റ് വെയർ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| ക്രമ നം. | പദ്ധതിയുടെ പേരും നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | ജിയോ ഇൻഫർമാറ്റിക് സോഫ്റ്റ് വെയർ , 89/23 | 200000 | 200000 |

കരകുളം ഗ്രാമീണ പഠന കേന്ദ്രം വഴി നടപ്പിലാക്കിയ ജിയോ ഇൻഫർമാറ്റിക് സോഫ്റ്റ്‌വെയർ, പഞ്ചായത്തിലെ മുഴുവൻ ആസ്തിയും ഡിജിറ്റലൈസ് ചെയ്യുന്നതിന് വേണ്ടിയായിരുന്നു. സോഫ്റ്റ്‌വെയർ നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമതയുള്ളതും അപ്ഡേറ്റ് ചെയ്യപ്പെട്ടതുമാണോ എന്നത് സംബന്ധിച്ച ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. വിവരം ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/16.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല. സോഫ്റ്റ്‌വെയർ തയ്യാറാക്കിയ സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം പഞ്ചായത്ത് ജീവനക്കാർക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ടി സ്ഥാപനം പരിശീലനം നൽകുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശീലനം ജീവനക്കാർക്ക് ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതടക്കം കരാർ വച്ചിട്ടുണ്ട്. ഇത് പ്രകാരം 2022-23 വരെയുള്ള എല്ലാ ആസ്തികളും സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ്/പ്രൊജക്ട് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണം എന്നിവ സംബന്ധിച്ച് മോണിറ്ററിങ് റിപ്പോർട്ട്/കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയൊന്നും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

കരാറിൽ വ്യവസ്ഥ ചെയ്തു പ്രകാരം ആസ്തിവിവരം അപ്ഡേറ്റ് ചെയ്യുന്നതിനായി ജീവനക്കാർക്ക് പരിശീലനം കൃത്യമായി നൽകിയിരുന്നെങ്കിൽ , കരാറിൽ തന്നെ പറഞ്ഞിട്ടുള്ള AMC (വാർഷിക മെയിന്റനൻസ്) യുടെ ആവശ്യമില്ലാതെ ഓരോ വർഷവും പഞ്ചായത്തിലെ പുതിയതായി സൃഷ്ടിക്കപെടുന്ന ആസ്തികൾ ,ജീവനക്കാർക്ക് തന്നെ അപ്ഡേറ്റ് ചെയ്യാൻ കഴിയുമായിരുന്നു. കരാർ വ്യവസ്ഥപ്രകാരമുള്ള പരിശീലനം ലഭ്യമാക്കാൻ സ്ഥാപനത്തോട് ആവശ്യപെടേണ്ടതും പുരോഗതി വിവരം , സോഫ്റ്റ്വെയറിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-33 ലൈൻ എക്സ്റ്റൻഷൻ-പൂർത്തീകരണ വിവരങ്ങളില്ല

| ക്രമ നം. | പദ്ധതിയുടെ പേരും നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ , 09/23 | 255070 | 255070 |

KSEB യുമായി ഒപ്പ് വച്ച കരാർ പ്രകാരം സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി 255070/- രൂപ മൂന്ന് തവണയായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാറിൽ പ്രവൃത്തി ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന തീയതികൾ ചേർത്തിട്ടില്ല. എസ്റ്റിമേറ്റ് തുകയിലും കുറവിൽ പ്രവൃത്തി പൂർത്തീകരിച്ചാൽ ബാക്കി തുക പഞ്ചായത്തിലേക്ക് ഒടുക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കാത്തതിനാൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. മറുപടി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം20/17.11.23 തീയതി) മുഖേന സെക്രട്ടറിയോട് വിവരങ്ങൾ ആരാഞ്ഞിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും. | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി. , 94/23 | 85000 | 74104 |

വാറന്റി കഴിഞ്ഞ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി കെൽട്രോണുമായി കരാർ ഉണ്ടാക്കുകയും ഓരോ ഉപകരണത്തിനും പ്രത്യേക മെയിന്റനൻസ് കോസ്റ്റ് കെൽട്രോൺ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഓർഡർ നം. 86/22, 17/11/22 പ്രകാരം ₹74104/- കെൽട്രോണിന് നൽകി. കെൽട്രോണിന്റെ കരാർ വ്യവസ്ഥ നം. 2.14 പ്രകാരം എല്ലാ ഉപകരണങ്ങൾക്കും ബാറ്ററികൾക്കും ജനറൽ സർവീസും പ്രിവെന്റീവ് മെയിന്റനൻസും , ഒരു കലണ്ടർ വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും ചെയ്യുന്നതാണ്. എന്നാൽ പഞ്ചായത്ത് രേഖകളിൽ 22-23 വർഷത്തിൽ 20/09/22 -ൽ പരാതിയുടെ അടിസ്ഥാനത്തിൽ ആകെ ഒരേയൊരു സിസ്റ്റം മാത്രമാണ് സർവീസ് ചെയ്തിട്ടുള്ളത്. ഇത് കെൽട്രോണിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം21/17.11.23) ഒരു വർഷം നാലിൽ കൂടുതൽതവണ സർവ്വീസ് നടത്തിയെന്നാണ് മറുപടി തന്നിട്ടുള്ളത്.എന്നാൽ 16/08/22 മുതൽ 15/08/23 വരെയുള്ള AMC കാലാവധിക്കുള്ളിൽ ആകെ ഒരു തവണ മാത്രമാണ് സർവീസ് നടത്തിയിട്ടുള്ളത്(കംപ്ലയിന്റിന്റെ അടിസ്ഥാനത്തിൽ). വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിലെ അപാകത, 78911 രൂപ വരവ് നഷ്ടം

റാന്നി ഗ്രാമ പഞ്ചായത്തിലെ ഡിപ്പോപ്പടി-കരിംക്കുറ്റിക്കൽ റോഡ്, മന്ദിരം ജംഗ്ഷൻ പള്ളിപ്പടി-പുതുശ്ശേരിമല റോഡ് എന്നിവയിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിക്കുന്നതിന് റോഡ് കട്ടിംഗ് നടത്തുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പഞ്ചായത്ത് അനുമതി നൽകിയിരുന്നു. ആയതിന്റെ റോഡ് കട്ടിംഗ് റീസ്റ്റേറേഷൻ ചാർജ്ജ് കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്തിന് 78911രൂപ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-19 ആയി ചേർത്തിട്ടുണ്ട്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചത് അധിക ചെലവ്

ഓഡിറ്റ് വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ റോഡ് റീ കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കാരണം അധിക ചെലവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. നിലവിലുള്ള കോൺക്രീറ്റ് റോഡുകൾ പോട്ട്ഹോൾ ഫില്ല് ചെയ്ത് 5 സെ.മീറ്റർ മുതൽ 7.5 സെ.മീറ്റർ കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR കോഡ് 75.8.1.1.A പ്രകാരമുള്ള ഫോംവർക്ക് ഉൾപ്പെടാത്ത സ്പെസിഫിക്കഷനാണ് ആവലംബിക്കേണ്ടത്. എന്നാൽ ഇവിടെ 75.8.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ഇതിന് അനുവദിച്ച നിരക്കിൽ ഫോംവർക്കിനുള്ള 4% തുക കൂടി ഉൾപ്പടുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം രണ്ട് പ്രവൃത്തികളിലായി സർക്കാർ ഫണ്ടിന് 7115 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1- 23 ആയി ചേർത്തിട്ടുണ്ട്.

### 3-2 പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല- കരാറുകാരന് അധികമായി തുക നൽകി

**2022-23** വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ വാളത്രപ്പടി -മരുതേലി റോഡ് പാർശ്വഭിത്തി നിർമ്മാണവും നവീകരണവും (42/22-23) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിക്കുകയും, പ്രവൃത്തി സ്ഥലത്ത് നേരിട്ട് പരിശോധന നടത്തുകയും ചെയ്തതിൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ കൃത്യമായി പാലിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് 168 എണ്ണം ആണിക്കല്ല് (Bond Stone) ആണ് ഉപയോഗിക്കേണ്ടിയിരുന്നത്. ആണിക്കല്ല് ഉപയോഗിക്കാതെ നിർമ്മാണം നടത്തിയതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ കുറവുണ്ടായെന്ന് മാത്രമല്ല ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണുകൾക്ക് നിരക്ക് അനുവദിക്കുക വഴി കരാറുകാരന് അനർഹമായ ലാഭം ഉണ്ടാകുകയും ചെയ്തു. ഈ പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്ത സംഗതിയിൽ സാധാരണ പാറകെട്ടിന് അനുവദിക്കാവുന്ന നിരക്കായ ക്യൂബിക് മീറ്ററിന് 2809.90 എന്ന നിരക്കാണ് അനുവദനീയം. ബോണ്ട് സ്റ്റോൺ ഉപയോഗിച്ചുള്ള നിർമ്മാണത്തിന് നൽകാവുന്ന നിരക്ക് (4043.42/cu.m) ആയിരുന്നു. ഇപ്രകാരം പ്രവൃത്തി ചെയ്തതിലൂടെ കരാറുകാരന് അധികമായി നൽകിയ 27168 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-25 ആയി ചേർത്തിട്ടുണ്ട്

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 176604 | അങ്കണവാടി പോഷകാഹാരം, 02/23 | 176604 | 0 |
| | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, 49/23 | 50000 | 0 |
| | 500000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി, 101/23 | 500000 | 0 |
| | 800000 | ഇടവിള കൃഷി വനിതാ പദ്ധതി, 143/23 | 800000 | 0 |
| | 200000 | പാലിയേറ്റീവ് കെയർ, 15/23 | 200000 | 0 |
| | 1000000 | സുഭിക്ഷ കേരളം നടീൽ വസ്തുക്കൾ വിതരണം, 35/23 | 1000000 | 0 |
| | 579000 | ലൈഫ് ഭവന പദ്ധതി ജനറൽ, 100/23 | 579000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 192122 | അങ്കണവാടി പോഷകാഹാരം, 02/23 | 192122 | 0 |
| | 111476 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, 49/23 | 111476 | 0 |
| | 150000 | ശരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 62/23 | 150000 | 0 |
| | 400000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി, 101/23 | 400000 | 0 |
| | 200000 | ഇടവിള കൃഷി വനിതാ പദ്ധതി, 143/23 | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവത്തി നടത്തുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ വിവരം | മുൻകൂർ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 09/23 | 255070 | 0 | 255070 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ- ഷോപ്പിംഗ് കോംപ്ലക്സ് | 1500000 | 0 | 1500000 | -- | 0 |

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ വിവരം | രസീത് നം. |
|---|---|---|---|---|
| 2021-22 | 1-24 | 3500 | ശ്രീ സോണി എബ്രഹാം (മുൻ വാർഡ് മെമ്പർ) | 1220105024/01.03.2023 |
| 2021-22 | 1-24 | 7000 | ശ്രീമതി സുധാകുമാരി ആർ. (മുൻ വാർഡ് മെമ്പർ) | 1220105056/02.03.2023 |
| 2021-22 | 1-24 | 8200 | ശ്രീ സി.എൻ. ഗോപിനാഥൻ നായർ (മുൻ വാർഡ് മെമ്പർ) | 1020105087/03.03.2023 |
| 2021-22 | 1-24 | 3500 | ശ്രീ സോണി എബ്രഹാം (മുൻ വാർഡ് മെമ്പർ) | 1020105350/15.03.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1998-99 | 26 | 2001-02 | IV.3.5 | ഗവൺമെന്റ് അംഗീകാരം | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വാങ്ങാതെ പണി ചെയ്തു | |
| 2 | 1992-93 | - | 2003-04 | - | എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് വീട് നിർമ്മാണം | നിലനിൽക്കുന്നു |
| 3 | 2001-02 | 2-8 | 2006-07 | 3.18.1.5 | ജനകീയാസൂത്രണം-വ്യക്തിഗത ആനുകൂല്യം (49500/-) -വൗച്ചറുകൾ /ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 4 | 2002-03 | 2-12 | 2006-07 | 3.18.2 | തെരുവ് വിളക്ക് സ്ഥാപിക്കൽ-KSEBയ്ക്ക് അടവാക്കിയത് (138100/-) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | നിലനിൽക്കുന്നു |
| 5 | 2014-15 | 2-3 | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 6 | 2015-16 | 2-7 | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 7 | 2016-17 | 3-1 | 2017-18 | - | റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി കടക്കെണിയിൽ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) | 102461646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102096356 |
| വരവിനങ്ങളിലുള്ള നഷ്ടം | 78911 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 34283 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-19 | 78911 | | മിനി മറിയം ജോർജ്ജ്, സെക്രട്ടറി |
| 1-23 | | 7115 | ആനി ഷിജി അസ്സിസ്റ്റന്റ് എൻജിനീയർ |
| 1-25 | | 27168 | ആനി ഷിജി അസ്സിസ്റ്റന്റ് എൻജിനീയർ |
| ആകെ | 78911 | 34283 | |

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മിനി മറിയം ജോർജ്ജ്, സെക്രട്ടറി | സെക്രട്ടറി, റാന്നി ഗ്രാമപഞ്ചായത്ത് | പനച്ചയ്ക്കൽ, മങ്ങാരം, കോന്നി പി.ഒ. |
| ആനി ഷിജി അസ്സിസ്റ്റന്റ് എൻജിനീയർ | അസ്സിസ്റ്റന്റ് എൻജിനീയർ. റാന്നി ഗ്രാമപഞ്ചായത്ത് | ചേരി തുണ്ടിയിൽ ഹൗസ്, കുന്നം വെച്ചൂച്ചിറ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3/28/00 തീയതി 24-04-2001 | 1 (ഖ 26) |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006 തീയതി 12-09-2006 | 1(ഖ 2-8 ) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി5/591/2009 തീയതി 19-01-2010 | 1(ഖ 2-12) |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി 07-05-2011/ 09-06-2011 | 1(ഖ 3-21) |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015 തീയതി 13-05-2015/ 23-05-2015 | 6(ഖ 3-1,3-5,3-6(1),3-6(2),3-7,3-10) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016 തീയതി 25-07-2016 | 3(ഖ 2-3,2-5(2),3-5(1)) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016 തീയതി 03-12-2016 | 2(ഖ 2-5,2-7) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി6/667/2017 തീയതി17.06.2017 | 1(ഖ 3-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി 6/89/2019 തീയതി: 22.02.2019 | 1(ഖ 3-1) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി 6/720/2019 തീയതി: 25.07.2019 | 2(ഖ 3-2,3-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6-167/22 തീയതി 09.03.2022 | 5 (ഖ.1-4,1-11,1-14,1-15,4-2) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി6-168/22 തീയതി 16.03.2022 | 8 (ഖ.1-4, 1-11, 1-12, 1-13, 1-16, 1-18, 1-21, 4-2) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി6-1408/22 തീയതി 11.01.2023 | 11 (ഖ.1-11, 1-14, 1-16, 1-19, 1-22, 1-23, 1-24, 1-25, 1-27, 1-29, 4-2) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-06-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the RANNI Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of RANNI Grama Panchayat for the year 2022-2023

**Date: 07/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of RANNI Grama Panchayat for the Year 2022-2023 .

**1.Major Observations**

**1)**Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

**2.Other Observations**

1) Ratios as mentioned in the kerala panchayathi raj accounting rules ,rule 62 not submitted along with annual financial statement.
2)The differnce between opening balance and closing balance in cashflow statement doesnot match with net increase in the total cashflow as per cashflow statement

3) Lapses is making timely demand entries of Tax and Non tax revenues

4) The annual summary under property tax in sanchaya software does not match with the corresponding figures in annual financial statement.

5) The closing balance of finance commission grant as per schedule B4 does not match with the balance amount in the respective

bank account

6 )The amount received for execution of joint venture projects doesnot match with respective treasury account.

7) The deposit register is not updated and hence doesnot match with AFS.

8) The amount deposited with KSEB, KWA etc for deposit works shown as liability are not transformed to capital contribution for want of utilisation certificate.

9) Monthly Bank reconciliation statement is not prepared

10) The accuracy of the amounts shown under Prior Period items is not ascertained

11) Shopping complex loan repayment (HUDCO) was not accounted as liability in annual financial statement.
12) NREGS amount in cashbook doesnot match with AFS.
13) Schedule B4-closing balance of literacy account shown in the AFS is a closed account..
14) Closing balance of joint venture projects shown in AFS doesnot match with respective bank accounts.
15) Bio-diversity fund shown in schedule B4 is not accurate.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്